LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ലഭ്യതയുണ്ടെന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC) ശിപാർശ ചെയ്ത സ്ഥലങ്ങൾ വകുപ്പ് പഠന വിധേയമാക്കി കളിമണ്ണ് ലഭ്യത ഉറപ്പുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ KSREC-ന് കൈമാറിയിട്ടുണ്ട്. മേൽപ്പറഞ്ഞ 3 ജില്ലകളുടെയും കളിമണ്ണ് ലഭ്യത പ്രദേശങ്ങളുടെ പഠന റിപ്പോർട്ടിന്റെ പകർപ്പ് KSREC വകുപ്പിന് കൈമാറിയിട്ടുണ്ട്.

സ്പിന്നിംഗ് മില്ലിന്റെ മതിൽ മാറ്റി സ്ഥാപിക്കൽ

171(185) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലരാമപുരത്ത് ഗതാഗതക്കുരുക്കോ വഴിതിരിച്ച്വിടലോ ഉണ്ടാകുമ്പോൾ തിരുവനന്തപുരത്തേയ്ക്കെത്താൻ പകരം റോഡായി മാറേണ്ട ഭഗവതിനട റോഡിൽ വീതി കുറഞ്ഞ ഭാഗമായ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ മതിൽ മാറ്റി സ്ഥാപിച്ച് റോഡ് വീതികൂട്ടുന്നതിന് മുൻവ്യവസായ വകുപ്പുമന്ത്രി തത്വത്തിൽ സമ്മതിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഇതുസംബന്ധിച്ച പരാതികളോ പ്രൊപ്പോസലുകളോ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

കൈത്തറിമിത്ര പദ്ധതി

172(186) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നിർമ്മാണത്തിനായി കൈത്തറി വസ്ത്രം ലഭ്യമാക്കുവാൻ സാധിച്ചുവെന്നും 2021-22-ൽ ഇതിനായി എത്രമാത്രം ഉത്പന്നം നിർമ്മിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ?

2020-21 അദ്ധ്യയന വർഷത്തേയ്ക്ക് 9.5 ലക്ഷം കുട്ടികൾക്കായി 46.5 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി വിതരണം ചെയ്യുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ വിതരണം സാദ്ധ്യമായില്ല. 2021-22 അദ്ധ്യയന വർഷം ആദ്യ ഘട്ടമായി 38.02 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം നടത്തിയിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷത്തേയ്ക്കായി മൊത്തം 52.89 ലക്ഷം മീറ്റർ യൂണിഫോം തുണി ഉത്പാദിപ്പിച്ചിരുന്നു. സ്കൂൾ യൂണിഫോം തുണി വിതരണത്തിന്റെ അന്തിമ കണക്ക് വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. 2021-22 അദ്ധ്യയന വർഷത്തെ ഉത്പാദനക്കണക്കും തിട്ടപ്പെടുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; ആയത് എപ്പോൾ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കുമോ?

കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ പദ്ധതി അടങ്കൽ തുകയായ 25.55 കോടി രൂപയിൽനിന്നും 2020-21 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്ന 1.50 കോടി രൂപ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ആദ്യ ഗഡുവായി റിലീസ് ചെയ്യുകയും പ്രസ്തുത തുക ഉപയോഗിച്ചുവാങ്ങിയ ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ ഉപയോഗിച്ച് തുടർപ്രവർത്തനം നടത്തുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) കൈത്തറി മിത്ര പദ്ധതിയുടെ ഉദ്ദേശ്യവും പ്രവർത്തനവും വ്യക്തമാക്കുമോ; ഇത് എപ്പോൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

കൈത്തറി മേഖലയിൽ നിലവിലുള്ള പതിനായിരത്തോളം നെയ്ത്തുകാരിൽ കൈത്തറി സ്കൂൾ യൂണിഫോം നെയ്യുന്നതിനുള്ള അയ്യായിരം നെയ്ത്തുകാരും മറ്റ് കൈത്തറി ഉൽപ്പന്നങ്ങൾ നെയ്യുന്നതിനുവേണ്ടി അയ്യായിരം പേരെയും സജ്ജമാക്കി 200 നെയ്ത്തുകാരുടെ/തറികളും അടങ്ങുന്ന 50 ഗ്രൂപ്പുകളിലായി പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നടത്തുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഓരോ കൈത്തറി ഗ്രൂപ്പുകൾക്കും (സഹകരണ സംഘങ്ങളും) അതിന്റെ പരിധിയിലെ ജനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം കൈത്തറി ഉൽപ്പന്നങ്ങളും ആകർഷകമായ വിധത്തിൽ ഉൽപ്പാദിപ്പിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിതരണം നടത്തിയാൽ ആ സംഘത്തിലെ തൊഴിലാളികൾക്ക് മുഴുവൻ സ്ഥിരമായ ജോലിയും കൂലിയും നല്കാൻ കഴിയും. കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിന് പരമ്പരാഗത കൈത്തറി വസ്ത്രങ്ങളെ അവയുടെ തനതുസവിശേഷത നിലനിർത്തിക്കൊണ്ട് തന്നെ പുതുതലമുറയ്ക്ക് അനുയോജ്യമായ രീതിയിൽ പുനരാവിഷ്കരിക്കുന്നതിനും ലാഭകരമായ വിധത്തിൽ ഉൽപ്പാദനവും വിപണനവും നേടിയെടുക്കുന്നതിനും കഴിയും. പ്രസ്തുത പദ്ധതി 2021-22 സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

കേരള ബ്രാൻഡ്

173(187) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ആധുനിക രീതിയിലുള്ള തുണി നെയ്ത്ത് സംവിധാനവും നല്ല നൂൽ ഉൽപ്പാദനവും ടെക്സ്റ്റൈൽ തുണിത്തരങ്ങൾക്ക് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള വിപുലമായ വിപണന സാദ്ധ്യതയും ഉപയോഗപ്പെടുത്തി ഗാർമെന്റ്, ഫർണിഷിംഗ് ക്ലോത്ത്, ബെഡ് ഷീറ്റ് തുടങ്ങിയ ഉത്പന്നങ്ങളുടെ കേരള ബ്രാൻഡ് തുടങ്ങുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?